**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6563** **20-03-2023 - ൽ മറുപടിയ്ക്ക്**

**ചെറുവന്നൂർ ഫിഷിങ്ങ് ഹാർബറിൽ ബോട്ട് റിപ്പയറിങ് യൂണിറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം രാജഗോപാലൻ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ചെറുവന്നൂർ ഫിഷിംഗ് ഹാർബറിൽ ബോട്ട് റിപ്പയറിങ് ചെയ്യാനുതകുന്ന വർക്ക്ഷോപ്പ് ആരംഭിക്കാൻ നടപടികളുണ്ടാകുമോ; വ്യക്തമാക്കുമോ; | (എ) | ചെറുവത്തൂർ ഫിഷിംഗ് ഹാർബർ നിർമ്മാണത്തിന്റെ ഭാഗമായി ചെറുവത്തൂരിൽ ഒരു വർക്ക് ഷോപ്പ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇതിൽ ചെറിയ ബോട്ടിന്റെ എൻജിനുകളും മറ്റ് ചെറിയ പ്രവൃത്തികളുമാണ് നടത്തി വരുന്നത്. പ്രസ്തുത വർക്ക് ഷോപ്പ് മാസവാടക അടിസ്ഥാനത്തിൽ ഇപ്പോൾ പ്രവർത്തിച്ച് വരുന്നുണ്ട്. |
| (ബി) | ഇതിനാവശ്യമായ സ്ഥലസൗകര്യങ്ങൾ ഇവിടെയുള്ളതിനാൽ റിപ്പയറിങ് യൂണിറ്റ് ഉടൻ ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ബോട്ടിന്റെ ബോഡി വർക്ക് ചെയ്യുന്നതിനുള്ള സൗകര്യം ചെറുവത്തൂർ ഹാർബറിൽ നിലവിൽ ഇല്ല. എന്നാൽ ബോട്ട് കരയിൽ കയറ്റി റിപ്പയർ ചെയ്യുന്നതിനുള്ള സ്ഥല സൗകര്യം ചെറുവത്തൂർ ഹാർബറിന്റെ ഭാഗമായ ചെറുവത്തൂർ ഫിഷ് ലാന്റിംഗ് സെന്ററിൽ ഉണ്ട്. പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന (PMMSY) പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുവത്തൂർ ഫിഷിംഗ് ഹാർബർ നവീകരിക്കുന്നതിനുള്ള പദ്ധതി പരിഗണിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ